പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: **6298**

08.07.2014 ൽ മറുപടിയ്ക്ക്

**പോലീസ് ഉദ്യോഗസ്ഥന്റെ കൃത്യനിർവ്വഹണത്തിന് തടസ്സം നിന്ന രാഷ്ട്രീയ പ്രവർത്തകയ്ക്ക് എതിരെയുള്ള കേസ്**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എളമരം കരീം | | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ ഒരു എസ്.ഐ.യെ പൊതുജനമദ്ധ്യത്തിൽ അസഭ്യം പറഞ്ഞ് തൊപ്പിതെറിപ്പിക്കുമെന്ന് ഭീഷണിപ്പെടുത്തുകയും, കൃത്യനിർവ്വഹണത്തിന് തടസ്സം നിൽക്കുകയും ചെയ്താൽ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ്സെടുക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) | പൊതുജന മദ്ധ്യത്തിൽ അസഭ്യം പറയുന്നതിന് 294 (b) IPC പ്രകാരവും, ഭീഷണിപ്പെടുത്തുന്നതിന് 506 IPC പ്രകാരവും, കൃത്യനിർവ്വഹണത്തിന് തടസ്സം സൃഷ്ടിക്കുന്നതിന് 353 IPC, 117(E) of KP Act പ്രകാരവും കേസ് രജിസ്റ്റർ ചെയ്യാവുന്നതാണ്. |
| (ബി) | പൊതുജന മദ്ധ്യത്തിൽ മാനന്തവാടി എസ്.ഐ.-യെ അസഭ്യം പറഞ്ഞ് ഭീഷണിപ്പെടുത്തുകയും കൃത്യനിർവ്വഹണം തടസ്സപ്പെടുത്തുകയും ചെയ്തതായി പറയപ്പെടുന്ന മഹിളാകോൺഗ്രസ്സ് അദ്ധ്യക്ഷ ബിന്ദുകൃഷ്ണയ്ക്കെതിരെ പോലീസ് കേസെടുത്തിട്ടുണ്ടോ ; | (ബി) & (സി) | ഉണ്ട്. മാനന്തവാടി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 127/14 ആയി 117(E) of KP Act, 118 IPC എന്നീ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | ഏതെല്ലാം വകുപ്പുകൾ ചേർത്താണ് കേസ്സെടുത്തിരുന്നതെന്ന് വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ